# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് & കമ്മ്യൂണിക്കേഷൻസ്
## ദിവ്യസംഗീത ഞായർ - മെയ് 28, 2017
**ആരാധനക്രമം** (മെത്രാപ്പോലീത്താ തിരുമേനി അംഗീകരിച്ചത്)

**1. ആരാധനാഹ്വാനം** : സകലഭൂവാസികളുമായുള്ളോരേ, യഹോവയ്ക്ക് ആർപ്പിടുവീൻ, സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവീൻ (സങ്കീ.100.1,2)

**2. പ്രാരംഭഗീതം** : ക്രി.കീ. 40 ( **ഹാ കൂടി നാമെല്ലാരും** )

**3. കൗമ്മാ**

4. **പ്രാരംഭപ്രാർത്ഥന**

സർവ്വകൃപാലുവാം ദൈവമെ, നിന്റെ വചനത്തിന്റെ ആജ്ഞാശക്തിയുടെ അനന്തവ്യാപാരത്താൽ പ്രപഞ്ചത്തെ നിർമ്മിച്ചുണ്ടാക്കി; ജീവദാതാവേ, നിന്റെ ജീവന്റെ സാധ്യതകളാൽ ഈ ഭൂമിയെ അണിയിച്ചൊരുക്കി. പ്രപഞ്ചത്തിന്റെ മനോഹാരിതയും വിസ്മയവും നിന്റെ മഹത്വത്തെ നിരന്തരം വാഴ്ത്തി പാടുന്നു. സംഗീതം ദൈവദാനമാണെന്നും സംഗീതജ്ഞർ ദൈവീകദാനങ്ങളാൽ നിറയപ്പെട്ടവരെന്നും ഞങ്ങൾക്ക് വെളിപ്പെടുത്തി തന്നതിനാൽ നിനക്ക് സ്തുതി. സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ വീണ്ടെടുപ്പിനും നിത്യജീവനുമായി അളവില്ലാത്ത സ്നേഹത്താൽ ബലിയർപ്പണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും മനുഷ്യകുലത്തിന് രക്ഷ നൽകിയ പുത്രനാം ദൈവമേ, നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. ക്രിസ്തുവിന്റെ ശരീരമാകുന്ന തിരുസഭയെ ക്രിസ്തുവെന്ന തലയോളം മുതിർന്നുവരുവാൻ കൃപയും ശക്തിയും ദിശാബോധവും പകർന്നരുളി വഴി നടത്തുന്ന പാറക്ലീത്തായാം ആത്മാവേ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേക ദൈവമേ, സ്തുതിയും ബഹുമാനവും വന്ദനവും പുകഴ്ചയും നിനക്ക് യോഗ്യമായിരിക്കുന്നു. ആമേൻ

**5. അനുതാപപ്രാർത്ഥന**

തന്റെ അകൃത്യം മറച്ചുവെക്കുന്നവന് ശുഭം വരികയില്ല. അത് ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും.

(i) കാരുണ്യവാനായ ദൈവമേ, നിന്റെ സ്നേഹത്തിന്റെ കൂടാരത്തിൽ നിന്നും, കൃപയുടെ ഭവനങ്ങളിൽ നിന്നും ഞങ്ങൾ ഓടിയകന്നു. ദൈവീക ദാനങ്ങളായ അവസരങ്ങളെയും താലന്തുകളെയും ഇല്ലായ്മ ചെയ്തുപോയ ഞങ്ങളുടെ കുറവുകളെ ഞങ്ങൾ ഏറ്റുപറയുന്നു.

പ്രതിഗാനം: അനുതാപഹൃദയം തിരുമുമ്പിൽ നാഥാ
കരുണാർദ്രമിഴികൾ തുറക്കേണമേ
നോക്കേണമേ നിൻ മൊഴി പകരേണമേ
ജീവൻ കനിഞ്ഞേകിയണയ്ക്കേണമേ

(ii) സഭയുടെ നാഥനും ഉടമസ്ഥനുമായ പുത്രനാം ദൈവമേ നിന്റെ രക്ഷാപദ്ധതിയുടെ ആഴങ്ങളെ ധ്യാനിക്കുവാനും മാനിക്കുവാനും ഞങ്ങൾ മറന്നുപോയി. ദൈവവചനത്തിന്റെ മർമ്മങ്ങൾ ഉൾക്കൊള്ളുന്ന കീർത്തനങ്ങൾ ഉള്ളത്തിൽ കൈക്കൊള്ളാതെ ഉപരിതലത്തിൽ പാടിയ കുറവിനെ ഞങ്ങൾ ഏറ്റു പറയുന്നു.

പ്രതിഗാനം: ദൈവമേ സ്നേഹരൂപനേ
എന്നെ നീ തള്ളീടല്ലേ
സന്താപത്താൽ വിളിക്കുന്നേൻ
ദോഷിയെ രക്ഷിക്കണേ

(iii) സഭയുടെ വഴികാട്ടിയും കാര്യസ്ഥനുമായ പരിശുദ്ധാത്മാവേ, സഭ ചലിക്കപ്പെടേണ്ടത് നിന്നാലാണെന്ന് ബോധ്യപ്പെട്ടിട്ടും നിന്റെ നിയന്ത്രണത്തിന് വിധേയപ്പെടാതെ പോയ കുറവിനെ ഏറ്റു പറയുന്നു. വിശ്വാസശോധനകളുടെ മദ്ധ്യത്തിൽ ഭക്തരുടെ ജീവിതാനുഭവങ്ങളിലെ ഗാനങ്ങൾ ഞങ്ങൾ പാടി എങ്കിലും അതിലെ വിശ്വാസത്തിന്റെ ഉറപ്പ് ഞങ്ങൾക്ക് നഷ്ടപ്പെട്ടുപോയ കുറവിനെ ഏറ്റു പറയുന്നു.

പ്രതിഗാനം: കരുണ നിറഞ്ഞവനേ
കുറവുകൾ ക്ഷമിക്കണമേ

തിരുസുതരടിയാരിൽ
അനുഗ്രഹം ചൊരിയണമേ

**ലീഡർ:** അനുതാപപ്രാർത്ഥനകൾ ഉരുവിട്ട ഹൃദയങ്ങളിന്മേൽ ദൈവം കരുണ ചൊരിയട്ടെ. ചിന്തകളും മോഹങ്ങളും മനുഷ്യത്വത്തിന്റെ പൂർണ്ണത ആർജ്ജിക്കുവാനും നന്മ ചെയ്ത് മറ്റുള്ളവർക്ക് സന്തോഷം പകരുന്ന സംഗീതമായി നമ്മുടെ ജീവിതങ്ങൾ പ്രകാശം പരത്തുവാനും ദൈവം സഹായിക്കട്ടെ. ആമേൻ

**6.സ്തോത്രപ്രാർത്ഥന**

യഹോവയ്ക്ക് സ്തോത്രം ചെയ്‌വീൻ, അവൻ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്.

(i) ആഗോള ക്രൈസ്തവസഭയുടെ ഭാഗമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും, സഭയുടെ ശ്രേഷ്ഠമായ ആരാധനക്രമങ്ങൾക്കായും അവയുടെ പൈതൃകം നഷ്ടപ്പെടുത്താതെ ചിട്ടപ്പെടുത്തിയ സഭാ നേതൃത്വത്തിനായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

പ്രതിഗാനം: ***ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ***

(ii) ആത്മീയ ജിവിതത്തിൽ പരിപോഷണം നൽകുന്ന ക്രിസ്തീയ ഗാനങ്ങൾക്കായും ഗാനരചയിതാക്കൾക്കായും ഗാനരചനയ്ക്കായി ലഭിക്കുന്ന ആത്മീയപ്രചോദനത്തിനായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

പ്രതിഗാനം: ***ഹാല്ലെല്ലൂയ്യാ ഹാല്ലെല്ലൂയ്യാ ഹാല്ലെല്ലൂയ്യാ ഹാല്ലെല്ലൂയ്യാ***

(iii) സഭയുടെ സംഗീതവിഭാഗമായ ഡി.എസ്.എം.സി യ്ക്കായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. സംഗീതവിഭാഗത്തിന്റെ രൂപീകരണത്തിനായി അദ്ധ്വാനിച്ച കാലം ചെയ്ത അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ദീർഘവീക്ഷണത്തിനും ദർശനത്തിനുമായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

പ്രതിഗാനം: ***ഹാല്ലെല്ലൂയ്യാ ഹാല്ലെല്ലൂയ്യാ ഹാല്ലെല്ലൂയ്യാ ഹാല്ലെല്ലൂയ്യാ***

(iv) ഞങ്ങളുടെ ഇടവകയിലെ ഗായകസംഘത്തിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. അവരുടെ താലന്തിനായും നിയോഗത്തിനുമായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

പ്രതിഗാനം: ***ഹാല്ലെല്ലൂയ്യാ ഹാല്ലെല്ലൂയ്യാ ഹാല്ലെല്ലൂയ്യാ ഹാല്ലെല്ലൂയ്യാ***

**7. മദ്ധ്യസ്ഥ പ്രാർത്ഥന** :(ഓരോ പ്രാർത്ഥനയ്ക്കും ശേഷം അൽപസമയം മൗന മായി നിൽക്കാം)

(i) മാർത്തോമ്മാ സഭയ്ക്കായും സഭയുടെ നേതൃത്വത്തിനായും സഭയുടെ വളർച്ചയ്ക്കായും പുരോഗതിയ്ക്കായും നമുക്ക് പ്രാർത്ഥിക്കാം.

(ii) സംഗീതമെന്ന മാധ്യമത്തിലൂടെ സുവിശേഷീകരണം ശക്തിയാർജ്ജിക്കുന്നതിനും,സവിശേഷമായ സംഗീതത്തിന്റെ അനന്തമായ സാധ്യതകളെ ദൈവരാജ്യനിർമ്മാണ പ്രവർത്തനത്തിനും മനുഷ്യസമൂഹത്തിന്റെ സൗഖ്യത്തിനും പുതുക്കത്തിനുമുള്ള മുഖാന്തരമാക്കി തീർക്കുന്നതിനും പ്രാർത്ഥിക്കാം.

(iii) DSMC യുടെ ശുശ്രൂഷകൾ സഭയ്ക്കും സമൂഹത്തിനും ഏറെ അനുഗ്രഹകരമായി തീരുന്നതിനും വർത്തമാനകാലസമൂഹത്തിൽ സംഗതമായ സാക്ഷ്യം നിറവേറ്റാൻ ഇടയാകേണ്ടതിനായുംപ്രാർത്ഥിക്കാം. പ്രസിഡന്റ് അഭിവന്ദ്യ മെത്രാപ്പോലീത്ത തിരുമേനി, ഡയറക്ടർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ഓഫീസ് & ടെക്നിക്കൽ സ്റ്റാഫ് എന്നിവരെ ഓർത്ത് പ്രാർത്ഥിക്കാം.

(iv) നമ്മുടെ ഇടവകയിലെ ഗായകസംഘത്തെ ഓർത്ത് പ്രാർത്ഥിക്കാം. എല്ലാ അംഗങ്ങളേയും നേതൃത്വം കൊടുക്കുന്നവരേയും ദൈവകരങ്ങളിൽ ഭരമേൽപ്പിച്ച് പ്രാർത്ഥിക്കാം. കർത്താവിനായി പാടുവാൻ നമ്മുടെ ഗായകസംഘത്തെ കൂടുതലായി ഉപയോഗിക്കണമേ എന്ന് പ്രാർത്ഥിക്കാം.

**8. സമർപ്പണഗീതം**

സർവ്വവും യേശുനാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ
എന്റെ ശബ്ദവും എൻ ധ്വനികളും
നീ എനിക്ക് തന്നതൊക്കെയും
എന്റെ ആയുസ്സും എന്റെ ഭാവിയും
നീ എനിക്ക് തന്നതൊക്കെയും